"ഭരണഭാഷ മാതൃഭാഷ"

ആർ1 /misc/2017/കോ:വി:വ:

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം -33
തീയതി: 18/5/2017

**സർക്കുലർ**

വിഷയം: -കോളേജ് വിദ്യാഭ്യാസ വകുപ്പ്: വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കാത്തത്-സംബന്ധിച്ച്.
സൂചന:- 30-3-2017 തീയതിയിലെ സി2/46/2017/ഉ.വി.വ.നമ്പർ സർക്കാർ കത്ത്.

2015-16, 2016-17 അദ്ധ്യയന വർഷങ്ങളിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും സ്കോളർഷിപ്പ് ലഭിക്കാത്തതിനാൽ വിദ്യാർത്ഥികളിൽ നിന്നും വളരെയധികം പരാതികൾ ലഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ യഥാസമയം സ്കോളർഷിപ്പ് അപേക്ഷ ഓൺലൈനായി സമർപ്പിക്കാത്തതിനാലും,സ്ഥാപനമേധാവികൾ വെരിഫിക്കേഷനും, അപ്രൂവലും നൽകാത്തതിനാലുമാണ് സ്കോളർഷിപ്പ് ലഭിക്കാതെ പോയത്. അപേക്ഷ സമർപ്പിക്കുവാൻ നോട്ടിഫിക്കേഷൻ നൽകുന്ന സമയത്ത് ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാൻ വിദ്യാർത്ഥികൾക്ക് നിർദേശം നൽകാത്തത്, ആയത് സമയബന്ധിതമായി വെരിഫിക്കേഷൻ/അപ്രൂവൽ നടത്താതിരിക്കുന്നതും സ്ഥാപനമേധാവികളുടെ ഗുരുതരമായ വീഴ്ചയാണ്.സ്ഥാപനമേധാവികൾ വെരിഫിക്കേഷനും ,അപ്രൂവലും നൽകാത്തതുകാരണം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കാതെ വന്നാൽ ആയതിന് ഉത്തരവാദികൾ സ്ഥാപനമേധാവി മാത്രമായിരിക്കുമെന്നും,ആയത് മേധാവിയുടെ ബാദ്ധ്യതയായി കണക്കാക്കി തുക ടിയാനിൽ നിന്നും ഈടാക്കി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിക്കുന്നു. 2017-18 സാമ്പത്തിക വർഷം മുതൽ അപേക്ഷ സമർപ്പിക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും നിശ്ചിതസമയത്തിനുള്ളിൽ വെരിഫൈ/അപ്രൂവൽ നടത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

//ഒപ്പ്//

അഡിഷണൽ ഡയറക്ടർ

**ഉള്ളടക്കം:**
എല്ലാവിദ്യാഭ്യാസ
മേധാവികളുടെയും അറിവിലേക്കായി

//അംഗീകാരത്തോടെ//

സൂപ്രണ്ട്.